9
തിങ്കൾ
2018 ജൂലായ്
1193 മിഥുനം 24

# മക്തബ്

www.makthabdaily.com

കൊതുകിൽ നിന്നും പൂർണ്ണ സംരക്ഷണം!!
www.flytechin.com
Mosquito Mesh Proofing for Windows/Doors/Air Holes
9497810055 / 9845016740
Taliparamba, Kannur, Payangadi, Mattool, Thalassery, Payyanur.
H.O. Bangalore, M: 096208 55339 | 080 41278765
flytech
Mosquito Free Homes



## ലോകകപ്പിന്റെ ആവേശോത്സവം കൊടിയിറങ്ങാൻ ഏഴുദിനം മാത്രം; പ്രവചിക്കാൻ തയ്യാറെടുക്കൂ, ബുള്ളറ്റുകൾ സ്വന്തമാക്കൂ!!

തളിപ്പറമ്പ: ലോകത്തെ വിരുന്നൂട്ടി കൊണ്ടിരിക്കുന്ന കാൽ പന്തുകളിയുടെ വസന്തോൽസവം കൊടിയിറങ്ങാൻ ഇനി എഴുദിനം മാത്രം ബാക്കി. ലൂസേഴ്സ് ഫൈനൽ ഉൾപ്പെടെ നാലു കളികൾ മാത്രം ബാക്കി. നാളെ സെമിയിൽ ഫ്രാൻസ്, ബെൽജിയത്തെയും മറ്റന്നാൾ ഇംഗ്ലണ്ട്, ക്രൊയേഷ്യയെയും നേരിടും. 14ന് ലൂസേഴ്സ് ഫൈനൽ നടക്കും. സെമിയിൽ തോറ്റ രണ്ടു ടീമുകൾ മൂന്നാംസ്ഥാനത്തിന് വേണ്ടി പോരാടും. അതു കഴിഞ്ഞ് 15ന് രാത്രി ലോകം കാത്തിരിക്കുന്ന ദിനം പിറക്കും. ലോകത്തിന്റെ നെറുകയിൽ ആരെന്ന് അന്നറിയാം.

ലോകകപ്പിൽ ഇന്ത്യക്ക് മത്സരിക്കാൻ അവസരം ലഭിച്ചില്ലെങ്കിലും മത്സരിക്കുന്ന രാജ്യങ്ങളിലേത് പോലെ ആവേശമായിരുന്നു കൊച്ചു കേരളത്തിലും. ഇഷ്ട ടീമുകളുടെ തോൽവിയിൽ ഹതാശരായി കണ്ണീർവീഴ്ത്തിയവർ എത്ര. വിജയത്തിൽ ആഹ്ലാദ തിമിർപ്പിലാണ്ടവർ എത്ര. വിജയം മാത്രമല്ല എതിരാളികളുടെ തോൽവികളും ഇവിടെ ആഘോഷിക്കപ്പെട്ടു. മലയാളികളുടെ ഇഷ്ട ടീമുകളായ അർജന്റീനയും ബ്രസീലും ജർമ്മനിയും പോർച്ചുഗലും സ്പെയിനും ഒക്കെ വീണു പോയെങ്കിലും ആവേശത്തിന് ഒട്ടും കുറവില്ല. ഇവരുടെയൊക്കെ ആരാധകർ വിജയിച്ച ടീമുകളുടെ കൊടിക്കൂറകൾക്ക് കീഴിൽ അഭയം തേടിക്കഴിഞ്ഞു.

ലോകകപ്പിന്റെ ആവേശത്തെ മലബാറിലെ ഏറ്റവും വലിയ വ്യാപാര സ്ഥാപനമായ 'ഷോപ്രിക്സും' കണ്ണൂർ ജില്ലയിൽ ഏറ്റവുമേറെ വായനക്കാരുള്ള 'മക്തബ്' പത്രവും കൈനിറയെ സമ്മാനങ്ങളുമായാണ് വരവേറ്റത്. ജൂൺ 14 മുതൽ 'മക്തബ്'ൽ പ്രവചന മത്സര കൂപ്പൺ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. ഇതേ ദിനം മുതൽ 'ഷോപ്രിക്സ്' ന്റെ തളിപ്പറമ്പ്, പയ്യന്നൂർ, സുൽത്താൻബത്തേരി ഷോറൂമുകളിൽ നിന്നുള്ള ഓരോ 1000 രൂപയുടെ പർച്ചേസിനും കൂപ്പുണുകൾ നൽകി തുടങ്ങിയിരുന്നു. ആവേശകരമായ വരവേൽപ്പാണ് സമ്മാന കൂപ്പണുകൾക്ക് ലഭിച്ചത്. ഇനി മറക്കാതെ കൂപ്പണുകൾ പൂരിപ്പിച്ച് നിശ്ചിത പെട്ടികളിൽ നിക്ഷേപിക്കുക. ശരിയുത്തരം അയക്കുന്നവരിൽ നിന്ന് നറുക്കെടുത്ത് ഒന്നാം സമ്മാനമായി മൂന്ന് പേർക്ക് ഓരോ ബുള്ളറ്റ് ബൈക്കും രണ്ടാം സമ്മാനമായി ഒരാൾക്ക് 100 സി.സി ബൈക്കും മൂന്നാം സമ്മാനമായി ഒരാൾക്ക് വാഷിംഗ് മെഷീനുമാണ് നൽകുക. കൂടാതെ 25 പ്രോത്സാഹന സമ്മാനങ്ങളും. ഒരാൾക്ക് എത്ര കൂപ്പണുകളും പൂരിപ്പിച്ച് നിക്ഷേപിക്കാവുന്നതാണ്.

### പ്രവചന മത്സരം: കൂപ്പണുകൾ 13 വരെ നിക്ഷേപിക്കാം

തളിപ്പറമ്പ: 'മക്തബ്' വായനക്കാരുടെയും 'ഷോപ്രിക്സ്' ഇടപാടുകാരുടെയും അഭ്യർത്ഥനമാനിച്ച് പ്രവചന മത്സര സമ്മാന കൂപ്പണുകൾ നിക്ഷേപിക്കാനുള്ള സമയം 13ന് വെള്ളിയാഴ്ച വൈകുന്നേരം 5 മണിവരെ നീട്ടിയിരിക്കുന്നു. 11ന് രാത്രിയോടെ രണ്ടാം സെമിഫൈനലും അവസാനിക്കും. ഫൈനലിൽ ഏറ്റുമുട്ടുന്ന രണ്ട് ടീമുകൾ ആരൊക്കെയെന്ന് അന്നറിയാം. ഈ രണ്ട് ടീമുകളിൽ ആരായിരിക്കും കപ്പുയർത്തുക എന്ന ഉത്തരം മാത്രമാണ് രേഖപ്പെടുത്തേണ്ടത്. അവസാന സെമി ഫൈനൽ കഴിഞ്ഞ് രണ്ട് ദിവസത്തെ സാവകാശം നിങ്ങൾക്ക് ലഭിക്കും. ഷോപ്രിക്സിന്റെ സുൽത്താൻബത്തേരി, പയ്യന്നൂർ, തളിപ്പറമ്പ് ഷോറൂമുകളിൽ സ്ഥാപിച്ച പ്രത്യേക പെട്ടികളിലും 'മക്തബ്' ഏജൻസി കടകളിൽ സ്ഥാപിച്ച പ്രത്യേക പെട്ടികളിലും കൂപ്പണുകൾ നിക്ഷേപിക്കാം.

## മാധ്യമങ്ങളോട് ക്ഷമ ചോദിച്ച് മോഹൻലാൽ

## ദിലീപിനെ തിരിച്ചെടുത്തില്ലെങ്കിൽ അമ്മ പിളരുമായിരുന്നു

എറണാകുളം: അമ്മയുടെ യോഗത്തിൽ മാധ്യമങ്ങളെ പ്രവേശിപ്പിക്കാതിരുന്നത് തെറ്റായിപ്പോയെന്ന് പ്രസിഡന്റ് മോഹൻലാൽ പറഞ്ഞു. അമ്മയുടെ ഒടുവിലത്തെ ജനറൽബോഡി യോഗത്തിൽ പ്രവേശിപ്പിക്കാതിരുന്നതോടെ തെറ്റായ ചില കാര്യങ്ങളാണ് നടന്നതെന്നും ഫെയ്സ്ബുക്ക് ലൈവ് നടത്താമെന്ന പുതിയ ആശയം നടപ്പാക്കിയതാണ് ഇത്തരമൊരു തെറ്റ് സംഭവിക്കാൻ കാരണമെന്നും മോഹൻലാൽ പറഞ്ഞു. ഇന്ന് എറണാകുളം പ്രസ്ക്ലബ്ബിൽ നടന്ന മുഖാമുഖത്തിലാണ് അദേഹം ഈ കാര്യം വിശദീകരിച്ചത്. 484 പേരാണ് അമ്മയിലുള്ളത്. ഇതിൽ 280ൽ അധികം പേർ ഇപ്പോൾ സിനിമയിൽ അഭിനയിക്കാത്തവരാണ്. വർഷത്തിൽ ഒരു സിനിമയെങ്കിലും അഭിനയിക്കാൻ ഇവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡബ്ല്യു.സി.സി അംഗങ്ങൾ എഴുതിയ കത്ത് എക്സിക്യൂട്ടീവ് യോഗത്തിൽ ചർച്ച ചെയ്യും. ഇന്ന് ഉള്ളവർമാത്രം കൂടിയാലോചന നടത്തുകയായിരുന്നു.

ദിലീപിനെ അറസ്റ്റ് ചെയ്ത ഉടൻ ഒരു അവൈലബിൾ യോഗം ചേർന്നാണ് പുറത്താക്കിയത്. പുറത്താക്കണമെന്ന അഭിപ്രായം ഉയർന്നുവന്നു. രണ്ടായി പിളരാൻ വരെ സാധ്യതയുണ്ടായിരുന്നു. അങ്ങനെയാണ് അന്ന് പുറത്താക്കിയത്. പിന്നീട് ജനറൽബോഡിയിൽ ഈ പ്രശ്നം ചർച്ച ചെയ്തപ്പോൾ ആരും ദിലീപിനെ എതിർത്തില്ല. അതാണ് പുറത്താക്കൽ നടപടി മരവിപ്പിക്കാൻ കാരണമായത്. ഒരു സ്ത്രീ പോലും ഈ നടപടിക്കെതിരെ പ്രതികരിച്ചില്ല. അതാണ് സംഭവിച്ചത്. സംഘടനയിലേക്കില്ലെന്ന് കത്ത് തന്നതിനാൽ ദിലീപ് ഇപ്പോഴും സംഘടനയ്ക്ക് പുറത്താണ്.

അതേസമയം ദിലീപിനെ തിരിച്ചെടുത്ത തീരുമാനത്തിന് ശേഷം അമ്മയുടെ എക്സിക്യൂട്ടിവ് യോഗം ഇന്ന് ചേർന്നപ്പോൾ അക്കാര്യം ഡബ്ല്യു.സി.സി അറിഞ്ഞില്ല. ഇന്ന് പഞ്ചനക്ഷത്ര ഹോട്ടലിൽ യോഗം ചേരുന്ന വിവരം മാധ്യമങ്ങളിലൂടെയാണ് അറിഞ്ഞതെന്ന് ഡബ്ല്യു.സി.സി പ്രവർത്തകർ പറയുന്നു. പാർവ്വതിയും രേവതിയുമുൾപ്പെടെയുള്ള നടിമാർ അമ്മയുടെ എക്സിക്യൂട്ടീവ് യോഗം വിളിച്ചു ചേർക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടിയതായിരുന്നു ഇന്നത്തെ യോഗം.

# ജീപ്പിൽ ലോറിയിടിച്ച് അഞ്ചംഗ കുടുംബം മരിച്ചു; 12 പേർക്ക് പരിക്ക്

കാസർക്കോട്: ഗൃഹപ്രവേശം കഴിഞ്ഞ് മടങ്ങുകയായിരുന്നവർ സഞ്ചരിച്ച ജീപ്പിൽ ലോറിയിടിച്ച് ഒരു കുടുംബത്തിലെ അഞ്ച് പേർ ദാരുണമായി മരിച്ചു. 12 പേർക്ക് പരിക്കേറ്റു.

തലപ്പാടി കെ.സി.റോഡ് അജ്യത്തടുക്കയിലെ ബീഫാത്തിമ (65), മകൾ സൗദയുടെ ഭർത്താവ് മുഷ്ത്താഖ് (41), ഇംത്യാസ് (35), ഭാര്യ അസ്മ (30), ബന്ധു നസീമ (38) എന്നിവരാണ് മരണമടഞ്ഞ ഹതഭാഗ്യർ.

ഇന്ന് പുലർച്ചെ അഞ്ചരയോടെ നയാബസാർ ദേശീയപാതയിൽ ഉപ്പള മംഗൽപ്പാടി താലൂക്കാശുപത്രിക്ക് മുന്നിലായിരുന്നു നാടിനെ നടുക്കിയ അപകടം. മംഗലാപുരത്തു നിന്നും ചരക്കുമായി കൊച്ചിയിലേക്ക് പോവുകയായിരുന്ന നാഷണൽ പെർമിറ്റ് ലോറിയും കാസർക്കോട് ഭാഗത്തുനിന്നും കർണ്ണാടകയിലേക്ക് പോവുകയായിരുന്ന ഫോഴ്സ് ട്രാക്ക് ജീപ്പും കൂട്ടിയിടിച്ചായിരുന്നു അപകടം. ലോറിയുടെ മുൻവശത്തെ ടയർ പൊട്ടി ജീപ്പിലിടിച്ചാണ് അപകടമുണ്ടായതെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. പാലക്കാട് ഗൃഹപ്രവേശനത്തിൽ പങ്കെടുത്ത് തിരിച്ചുവരികയായിരുന്ന കുടുംബമാണ് അപകടത്തിൽപ്പെട്ടത്. പരിക്കേറ്റവരെ മംഗലാപുരം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രണ്ടുപേരുടെ നില ഗുരുതരമാണ്. ഇംത്യാസാണ് ജീപ്പ് ഓടിച്ചിരുന്നത്.

അപകടം നടന്നയുടനെ തൊട്ടടുത്ത് ഉണ്ടായിരുന്ന പോലീസ് ഫ്ളൈയിങ് സ്ക്വാഡും ഉപ്പളയിൽ തന്നെയുള്ള അഗ്നിശമനസേനയും കുതിച്ചെത്തി രക്ഷാപ്രവർത്തനം നടത്തിയതിനാലാണ് പരിക്കേറ്റവരെ പെട്ടെന്ന് ആശുപത്രിയിലെത്തിക്കാൻ കഴിഞ്ഞത്. അപകടം നടന്ന സ്ഥലത്ത് കെട്ടിക്കിടന്ന ചോരക്കറകളും മറ്റും ഫയർഫോഴ്സ് വെള്ളം ചീറ്റി വൃത്തിയാക്കി. സംഭവത്തിൽ ലോറി ഡ്രൈവർക്കെതിരെ മഞ്ചേശ്വരം പോലീസ് കേസെടുത്തു. ജീപ്പ് ഓടിച്ച ഇംത്യാസിന്റെ മൃതദേഹം ഒരു മണിക്കൂറിലേറെ പ്രയത്നിച്ച് വാഹനം വെട്ടിപ്പൊളിച്ചാണ് പുറത്തെടുത്തത്. മരിച്ച അഞ്ച് പേരുടെ മൃതദേഹങ്ങളും മംഗൽപാടി ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. പരിക്കേറ്റ് ഗുരുതരാവസ്ഥയിലുള്ളവരിൽ നാല് പേർ കുട്ടികളാണ്. പരിക്കേറ്റ് മഗലാപുരം ആശുപ്ത്രിയിൽ കഴിയുന്നവർ: ബീഫാത്തിമയുടെ മകൾ സൗദ(33), അമൽ, മസൂദ്, മർഷൂദ, ആബിദ്, ഫാത്തിമ, സുമയ്യ, അസ്മ, ഫാസിയ, അമർ, സൽമാൻ ഫാരിസ്, താഹിറ.



അഞ്ചുപേരുടെ മരണത്തിനിടയാക്കിയ അപകടത്തിൽ തകർന്ന ജീപ്പ്

## ഖാദർ വധം: ലത്തീഫിന് ജാമ്യം നൽകിയതിനെതിരായ പോലീസ് അപ്പീൽ പ്രോസിക്യൂട്ടർക്ക് കൈമാറി

തളിപ്പറമ്പ: വായാട്ടെ അബ്ദുൾഖാദർ വധക്കേസ് പ്രതിയായ പരിയാരം കോരൻപീടികയിലെ എം.വി.അബ്ദുൾലത്തീഫിന് ജാമ്യമനുവദിച്ച കോടതി നടപടിക്കെതിരേ തളിപ്പറമ്പ പോലീസ് ജില്ലാ കോടതിയിലേക്കുള്ള അപ്പീൽ ഹരജി തയ്യാറാക്കി തലശേരിയിലെത്തിച്ചു. പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ.ബി.പി.ശശീന്ദ്രൻ മുഖേന ഹരജി നൽകാനായി ഇന്ന് രാവിലെയാണ് സി.ഐ കെ.ജെ.വിനോയ് അനുബന്ധ രേഖകൾ സഹിതം ഹരജി നൽകിയത്. പയ്യന്നൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയാണ് കഴിഞ്ഞ വ്യാഴാഴ്ച അബ്ദുൾലത്തീഫിന് വിവിധ കേസുകളിൽ ജാമ്യമനുവദിച്ചത്. വധക്കേസിലും വധശ്രമക്കേസുകളിലുമുൾപ്പെടെ പ്രതിയായ ലത്തീഫ് വിദേശത്തേക്ക് കടന്നുവെന്ന സംശയത്തെ തുടർന്ന് പോലീസ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ച് ഇയാളെ പിടികൂടാൻ കാത്തിരിക്കുകയായിരുന്നു. അതിനിടെയാണ് കോടതിയിൽ ഹാജരായി അഭിഭാഷകർ മുഖേന ജാമ്യം തേടിയത്. അഞ്ചുകേസുകളിൽ ജാമ്യം അനുവദിച്ച നടപടി ക്രമവിരുദ്ധവും പുനപരിശോധിക്കേണ്ടതുമാണെന്ന് ചൂണ്ടിക്കാട്ടിയാണ് ഡി.വൈ.എസ്.പി കെ.വി.വേണുഗോപാലിന്റെ നിർദേശപ്രകാരം സി.ഐ അപ്പീൽ ഹരജി ഫയൽ ചെയ്യുന്നത്. നിലവിൽ 22 കേസുകളിൽ വിചാരണ നേരിടുന്നയാളാണ് ലത്തീഫെന്നാണ് പോലീസ് പുതിയ ഹരജിയിൽ ചൂണ്ടിക്കാട്ടുന്നത്. 39 കേസുകളിൽ പ്രതിയായിരുന്ന ലത്തീഫിനെതിരായ പല കേസുകളും പ്രമുഖർ ഇടപെട്ട് ഒത്തുതീർക്കുകയായിരുന്നു. അടുത്ത ദിവസം തന്നെ പബ്ലിക് പ്രോസിക്യൂട്ടർ അപ്പീൽ ഹരജി ഫയൽ ചെയ്യും.

# പ്രീത ഷാജിയെ കുടിയൊഴിപ്പിക്കുന്നതിനെതിരേ പെട്രോളും തീപ്പന്തവുമായി നാട്ടുകാർ

കൊച്ചി: കിടപ്പാടം നഷ്ടമാകുന്നതിനെതിരേ ചിതയൊരുക്കി നിരാഹാര സമരം നടത്തുന്ന പ്രീത ഷാജിയുടെ വീടിന് മുന്നിൽ പിന്തുണയുമായെത്തിയ നാട്ടുകാർ പെട്രോളും തീപ്പന്തവുമായി ജപ്തിക്കെതിരേ പ്രതിരോധം തീർത്തു. വീട് ജപ്തി ചെയ്യാൻ ഉദ്യോഗസ്ഥർ എത്തുന്നുവെന്നറിഞ്ഞ് തടിച്ചുകൂടിയ നാട്ടുകാർ വീടിന് മുന്നിലെ റോഡിൽ പെട്രോൾ ഒഴിച്ച് തീയിട്ടു. അഗ്നിശമനസേന കുതിച്ചെത്തി തീയണച്ചെങ്കിലും അധികാരികൾക്കെതിരായ ജനരോഷം കെട്ടടങ്ങിയിട്ടില്ല. ഇന്ന് രാവിലെ ഒമ്പതരയോടെയായിരുന്നു നാട്ടുകാരുടെ പ്രതിഷേധം. ജപ്തിക്കെത്തിയാൽ കുടുംബം കൂട്ടത്തോടെ പെട്രോൾ ഒഴിച്ച് തീകൊളുത്തി വെന്തുമരിക്കാൻ തയ്യാറാണെന്ന് സമരക്കാർക്ക് നടുവിൽ ആത്മഹത്യാഭീഷണിയിലുറച്ചാണ് പ്രീത ഷാജി നിൽക്കുന്നത്.

ഇടപ്പള്ളി പത്തടിപ്പാലം മാനത്തുപാടത്തെ പ്രീതയുടെ വീട് സമര ഭൂമികയായി തിളച്ചുമറിയുകയാണ്.

1994ൽ ഒരു ബന്ധുവിന് വായ്പയെടുക്കാനയി ബാങ്കിൽ ജാമ്യം നിന്നതിന്റെ പേരിലാണ് ഈ കുടുംബം കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നത്. രണ്ട് ലക്ഷം രൂപയാണ് വായ്പയെടുത്തിരുന്നത്. ലക്ഷങ്ങൾ തിരിച്ചടച്ചെങ്കിലും വായ്പയിനത്തിൽ ലക്ഷങ്ങൾ കുടിശികയുണ്ടെന്നായിരുന്നു ബാങ്ക് വാദം. ജപ്തി ഭീഷണിയുടെ പശ്ചാത്തലത്തിൽ വീടിന് മുന്നിൽ ചിതയൊരുക്കി അനിശ്ചിതകാല നിരാഹാരത്തിലേർപ്പെട്ടപ്പോൾ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ജപ്തി നടപടിക്ക് ശാശ്വത പരിഹാരമായതായി പ്രീതയ്ക്ക് ഉറപ്പുനൽകിയതായിരുന്നു. ഇതിനിടെയാണ് ബാങ്കിന്റെ ഡെബിറ്റ് റിക്കവറി ട്രൈബ്യൂണലിലെ അഡ്വക്കറ്റ് കമ്മീഷണർ പ്രീതയ്ക്ക് വീണ്ടും നോട്ടീസ് നൽകിയത്. ഇതിനെതിരേ ഹൈക്കോടതി ചീഫ് ജസ്റ്റിസിന് പരാതി നൽകി. എന്നാൽ പരാതി അംഗീകരിക്കുന്നതിന് പകരം ജപ്തി നടപടി തുടരാനായിരുന്നു ഹൈക്കോടതി നിർദേശം. രണ്ടര കോടി രൂപ വിലമതിക്കുന്ന വീടിന് 38 ലക്ഷം രൂപ കണക്കാക്കി ലേലത്തിൽ വിറ്റുവെന്നാണ് ബാങ്ക് പറയുന്നത്. വീടൊഴിയാനാണ് പ്രീതയ്ക്ക് നോട്ടീസ് നൽകിയത്. അമ്പത് ലക്ഷം രൂപ തങ്ങൾ അടയ്ക്കാമെന്ന് ബാങ്ക് അധികൃതരെ അറിയിച്ചിട്ടും അവർ ചെവിക്കൊണ്ടില്ലെന്നാണ് പ്രീത ചൂണ്ടിക്കാട്ടുന്നത്.

## ഇന്നലെ മാത്രം ജില്ലയിൽ കസ്റ്റഡിയിലായത് 28 എസ്.ഡി.പി.ഐ പ്രവർത്തകർ

കണ്ണൂർ: ആഭ്യന്തര വകുപ്പിന്റെ ജാഗ്രതാ നിർദേശത്തിന്റെ പശ്ചാത്തലത്തിൽ ഇന്നലെ ഒറ്റ ദിവസം മാത്രം ജില്ലയിൽ 28 എസ്.ഡി.പി.ഐ പ്രവർത്തകരെ പോലീസ് കരുതൽ നടപടി പ്രകാരം അറസ്റ്റ് ചെയ്തു. വിവിധ പോലീസ് സ്റ്റേഷനുകളിലായി 19 കേസുകളാണ് രജിസ്റ്റർ ചെയ്തത്. കണ്ണൂർ ടൗണിലാണ് ഏറ്റവുമധികം കേസുകളും അറസ്റ്റും. കാൽടെക്സ്, താണ, തായത്തെരു, പഴയ ബസ്സ്റ്റാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ സംശയസാഹചര്യത്തിലായിരുന്ന 13 പേരെയാണ് ടൗൺ പോലീസ് മുൻകരുതൽ അറസ്റ്റ് രേഖപ്പെടുത്തിയത്. ഇന്നലെ രാത്രി കസ്റ്റഡിയിലെടുത്ത ഇവരെ ഇന്ന് കാലത്താണ് വിട്ടയച്ചത്.

എറണാകുളം മഹാരാജാസ് കോളേജിലെ എസ്.എഫ്.ഐ നേതാവ് അഭിമന്യുവിന്റെ കൊലപാതകത്തിന്റെ പശ്ചാത്തലത്തിലാണ് എസ്.ഡി.പി.ഐ-പോപ്പുലർഫ്രണ്ട് പ്രവർത്തകരുടെ നീക്കങ്ങൾ നിരീക്ഷിക്കാൻ ആഭ്യന്തരവകുപ്പ് നിർദേശിച്ചത്. ആദ്യകാല എൻ.ഡി.എഫ് നേതാക്കളും സജീവ പ്രവർത്തകരും ഉൾപ്പെടെയുള്ളവർ നിരീക്ഷണത്തിലാണ്. പോലീസ് സേനയ്ക്കെതിരായ നീക്കങ്ങൾക്ക് സാധ്യതയുണ്ടെന്ന രഹസ്യാന്വേഷണ വിഭാഗത്തിന്റെ മുന്നറിയിപ്പിനെ തുടർന്നാണ് നിരീക്ഷണം.

തളിപ്പറമ്പിൽ പട്ടുവം സ്വദേശികളായ പി.മുസ്തഫ (22), ചപ്പൻ ദിൽഷാദ് (25), പള്ളക്കൻ തറമ്മൽ ശിഹാബുദ്ധീൻ (25) എന്നിവരെയാണ് മുൻ കരുതൽ നടപടി പ്രകാരം അറസ്റ്റ് ചെയ്തത്.

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്
സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ
പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ
Ph: 9446774253, Mob: 9961664253
പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു



6-ാം ചരമവാർഷികം
വിനോദ്
തൃച്ചംബരം
ദുഃഖാർത്തരായ കുടുംബാംഗങ്ങളും സുഹൃത്തുക്കളും

ഉപയോഗിച്ചവർ പറഞ്ഞു തുടങ്ങി



എന്റെ പേര് ശശിധരൻ. പയ്യന്നൂർ, ചെറുപുഴ റൂട്ടിൽ പാടിയോട്ട്ചാലിൽ 'ക്വാളിറ്റി സൂപ്പർ മാർക്കറ്റ്' എന്ന സ്ഥാപനത്തിന്റെ ഉടമയാണ്. കൂടെ കൂടെ തലവേദന ഉണ്ടായപ്പോൾ ഡോക്ടറെ കണ്ടു. മൈഗ്രെയിനാണെന്നും തുടർച്ചയായി മരുന്ന് കഴിക്കണമെന്നും പറഞ്ഞു. കാലങ്ങളോളം മരുന്ന് കഴിച്ചിട്ടും തലവേദനയ്ക്ക് യാതൊരു ശമനവും ഉണ്ടായില്ല. ചില രാത്രികളിൽ മൂന്ന് വേദന സംഹാരി ഗുളിക പോലും കഴിക്കേണ്ടി വന്നിട്ടുണ്ട്.

ഇക്കഴിഞ്ഞ മെയ്മാസം എന്റെ ഷോപ്പിൽ **'കേശജീവൻ മൾട്ടി ഹെർബൽ ഹെയർ ഓയിൽ'** എന്ന പ്രൊഡക്റ്റ് പരിചയപ്പെടുത്താൻ ഒരു മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് വന്നു. **മുടി കൊഴിച്ചിൽ തടയാനും മുടി വളരാനും മാത്രമല്ല മൈഗ്രെയിൻ, താരൻ, ഉറക്കക്കുറവ്, മുടിയുടെ അറ്റം പിളരൽ, തല ചുട്ടു നീറ്റൽ, മുടിക്കായ, തലയിലെ ചൊറിച്ചൽ-ത്വക്ക് രോഗങ്ങൾ, പേൻ** തുടങ്ങിയവയ്ക്ക് കൂടി **കേശജീവൻ** പ്രയോജനപ്പെടും എന്ന് ആ മാർക്കറ്റിങ്ങ് എക്സിക്യുട്ടീവ് പറഞ്ഞെങ്കിലും വലിയ വിശ്വാസം തോന്നിയില്ല. കാരണം വിദഗ്ദ്ധ ഡോക്ടർമാർ നിർദ്ദേശിച്ച ധാരാളം മരുന്നുകൾ കഴിച്ചിട്ടും മാറാത്ത തലവേദന ഒരു എണ്ണ പുരട്ടിയാൽ മാറുമോ എന്ന് സംശയിച്ചു. എങ്കിലും ഒരു പരീക്ഷണം എന്ന നിലയിൽ **കേശജീവൻ** ഉപയോഗിച്ച് തുടങ്ങി. അന്ന് മുതൽ ഇന്ന് വരെ മൈഗ്രെയിൻ ഉണ്ടാവുകയോ മരുന്ന് കഴിക്കുകയോ ചെയ്തിട്ടില്ല.

മികച്ച ഉൽപ്പന്നങ്ങൾ പരിചയപ്പെടാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്കും എറ്റവും നല്ല ഉല്പന്നങ്ങൾ വിൽക്കണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന സ്ഥാപന ഉടമകൾക്കും കേശജീവൻ ഒരു ശരിയായ തെരഞ്ഞെടുക്കലാണ്.

**കേശജീവൻ** അസാധാരണ ഗുണമേന്മയുള്ള ഒരു ഉല്പന്നമാണെന്ന് എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഉപയോഗിച്ചു നോക്കൂ നിങ്ങളും പറയും കാത്തിരുന്നത് തന്നെ കിട്ടിയെന്ന്.!!. ഒരു നല്ല ഉല്പന്നം പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുള്ള ശ്രമത്തിൽ ഞാനും പങ്കാളിയാവുന്നു. സന്തോഷത്തോടെ...

എന്ന്, **ശശിധരൻ. കെ.**

അനുഭവസാക്ഷ്യം മുഖമുദ്രയാകുമ്പോൾ അവകാശവാദങ്ങൾ പിന്നെന്തിന്.!

കേശജീവൻ
മൾട്ടി ഹെർബൽ ഹെയർ ഓയിൽ
ഉപയോഗിക്കാൻ ഞങ്ങൾ പറയും.. ഉപയോഗിച്ചാൽ നിങ്ങൾ പറയും..
കൂടുതൽ വിവരങ്ങൾക്ക്: 9656653162